പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3993 — 25.06.2014- ൽ മറുപടിക്ക്

---

## മായം ചേർക്കലിനെതിരെ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വെളിച്ചെണ്ണപോലുള്ള വസ്തുക്കളിലെ മായം പരിശോധിച്ച് ശുദ്ധമായ ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയിൽ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേക്ക് വരുന്ന വെളിച്ചെണ്ണയിലാണ് മായം ചേർക്കുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ മീനാക്ഷിപുരം/വാളയാർ/ ചെക്ക്പോസ്റ്റിൽവച്ച് വെളിച്ചണ്ണയുടെ സാമ്പിൾ ശേഖരിച്ച് ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അവ സംസ്ഥാനത്തിനുള്ളിലേക്ക് കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. കൂടാതെ എല്ലാ ജില്ലകളിലും വെളിച്ചെണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്കയയ്ക്കുവാൻ വേണ്ട നിർദ്ദേശവും ഇതിനകം നൽകിയിട്ടുണ്ട്. |
| ബി) | ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് പരിശോധനകൾ നടത്താനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും NABL അക്രഡിറ്റഡ് ആയിട്ടുള്ള സ്വകാര്യലാബുകളും ഭക്ഷ്യവസ്തുകളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി Food Safety and Standards Authority of India അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ കോന്നിയിൽ പ്രവർത്തിക്കുന്ന CFRD Lab, കാർഷിക സർവ്വകലാശാലയുടെ Pesticide Residue Testing Lab, Central Institute of Fisheries Technology, Cochin , Spices Board Cochin, തുടങ്ങിയ സ്ഥാപനങ്ങളുടെ ലാബുകളുടെ സേവനവും നിലവിൽ ഭക്ഷ്യസാമ്പിളുകൾ പരിശോധിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. |
| സി) | കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഒട്ടേറെ രോഗങ്ങൾക്ക് ഭക്ഷ്യവസ്തുക്കളിലെ മായം പ്രധാനകാരണമാണെന്നതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയും സപ്ലൈക്കോ, | സി) | സംസ്ഥാനത്ത് ലഭ്യമാകുന്ന എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ, ഫുഡ് സേഫ്റ്റി ഓഫീസർമാർ പരിശോധനക്കായി ശേഖരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങൾ വാങ്ങുന്നവയുമായ ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് വിപണിയിലെത്തിക്കാൻ സംവിധാനം ഒരുക്കുമോ; | | |
| ഡി) | ജനങ്ങൾക്കു ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർന്നിട്ടുണ്ടെന്ന് പരാതിയുണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | ഡി) | പരാതിയുടെ നിജസ്ഥിതി പരിശോധിച്ച്, വീഴ്ച കണ്ടെത്തിയാൽ, നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**